(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിന് 6.93 ലക്ഷം രൂപയും വണ്ടാനത്തുള്ള ടി.ഡി. മെഡിക്കൽ കോളേജിന് 11.65 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി

210 (1145) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫയർ സെന്ററിൽ 1996 മുതൽ ജോലി നോക്കുന്ന ശ്രീ. ഡി. എസ്. അനി എന്ന ഡ്രൈവറെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനു നൽകിയ നിവേദനത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 1996 മുതൽ ഈ ഓഫീസിൽ ജോലി ചെയ്യുന്ന എത്രപേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(സി) ശ്രീ. ഡി. എസ്. അനിയെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) താൽക്കാലികമായി ഉണ്ടാക്കിയ പോസ്റ്റിൽ നിയമിച്ച ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

സ്പോർട്സ് യുവജന ക്ഷേമ രംഗത്ത് കേന്ദ്ര പദ്ധതികൾ

211 (1146) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് യുവജനക്ഷേമ രംഗത്ത് സംസ്ഥാനത്ത് എന്തെല്ലാം കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നവീകരണത്തിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ കായികമേളകളിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടെത്തി സ്പോൺസർ ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 50 ശതമാനം സി. എസ്. എസ്. പദ്ധതിപ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത് :-

1. കളിസ്ഥലനിർമ്മാണം, ഇൻഡോർ സ്റ്റേഡിയങ്ങൾ ഓപ്പൺസ്റ്റേഡിയങ്ങൾ, സ്വിംമ്മിംഗ് പൂൾ, സ്പോർട്സ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം.

2. ദേശീയ സാഹസിക, അക്കാഡമി, യുവജനങ്ങൾക്കായുള്ള തൊഴിൽ പരിശീലനവും പ്രദർശനവും ദേശീയോദ്ഗ്രന്ഥനവും.

(ബി) സ്പോർട്സ് കൗൺസിലിന്റെ നവീകരിച്ച ആസ്ഥാന മന്ദിരം 22-11-2000-ൽ ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. നവീകരണത്തിന്റെ ഭാഗമായി വെബ്സൈറ്റ്, കമ്പ്യൂട്ടറൈസേഷൻ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) പ്രാവീണ്യം തെളിയിക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതി നിലവിലുണ്ട്.

സ്പോർട്സ് കൗൺസിലിലെ അനധികൃത നിയമനങ്ങൾ

212 (1147) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുദ്ദേശിച്ചുള്ള സപോർട്സ് ബിൽ നിയമസഭ പാസ്സാക്കിയത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രാബല്യത്തിൽ വരുത്താതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) പാസ്സാക്കിയ ബില്ലിൽ സ്പോർട്സ് കൗൺസിൽ നിയമനങ്ങൾ പി.എസ്.സി.യുമായി ആലോചിച്ച് നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ നിയമം പാസ്സാക്കിയശേഷം സ്പോർട്സ് കൗൺസിലിൽ 26 കോച്ചുമാരെ സ്ഥിരമായി നിയമിച്ച കാര്യം ഗവൺമെന്റിനറിവുണ്ടോ ;

(ഇ) കോച്ച് നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും നടന്നിട്ടുണ്ടെന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കോൺട്രാക്ട് നിയമനം ലഭിച്ച കോച്ചുമാർ സ്പോർട്സ് കൗൺസിലിനെതിരെ നൽകിയ കേസിൽ കൗൺസിൽ കോടതിയിൽ തെറ്റായ സത്യവാങ്മൂലം നൽകിയെന്ന പരാതി ഗവൺമെന്റ് അന്വേഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly